# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5538 24.05.2017 ൽ മറുപടിയ്ക്ക്

## സ്ത്രീയെ അപമാനിച്ചുവെന്ന പരാതിയിൽ തുടർ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സ്ത്രീയെ അപമാനിച്ചതിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രത്നമ്മ എന്നയാൾ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ 2017 മാർച്ചിൽ സമർപ്പിച്ച പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ശ്രീമതി രത്നമ്മ, സുഭദ്രാ സദനം, കട്ടേല, ശ്രീകാര്യം എന്നയാൾ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേലുള്ള അന്വേഷണത്തിൽ പരാതികക്ഷി മനഃപൂർവ്വം നിർമ്മാണ പ്രവർത്തനങ്ങൾ തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിരുകെട്ടാൻ വാനം കുഴിച്ചതിൽ പരാതികക്ഷി കിടന്നതായും ആയത് പരാതിക്കാരിയുടെ എതിർകക്ഷി ക്യാമറയിൽ പകർത്തിയത് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. വഴിക്കായി ഉപയോഗിക്കുന്ന 1 സെന്റ് സ്ഥലം പരാതിക്കാരിയുടെ എതിർകക്ഷികൾ വാങ്ങാത്തതിലുള്ള വിരോധം നിമിത്തമാണ് ഇത്തരത്തിൽ ഒരു പരാതി നൽകാൻ ഇടയായതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരി പരാതിയിൽ പറയുന്ന കാര്യങ്ങളൊന്നും തന്നെ സംഭവിച്ചിട്ടില്ല എന്ന് വെളിവായതിനാൽ മറ്റ് നിയമ നടപടികൾ ഒന്നും തന്നെ മേൽ പരാതികളിന്മേൽ പോലീസ് സ്വീകരിച്ചിട്ടില്ല. |
| (ബി) ലളിതകുമാരി വേഴ്സസ് സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസിലെ ഉത്തരവ് ഈ കേസിൽ ബാധകമാണോ; വ്യക്തമാക്കാമോ; | (ബി) അല്ല. |

| | | | |
|---|---|---|---|
| (സി) | എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാത്തത് ചൂണ്ടിക്കാട്ടി ബഹു: മുഖ്യമന്ത്രിക്ക് പരാതി നൽകിയതിന്മേൽ അന്വേഷിച്ച് പരാതിയിൽ കഴമ്പില്ല എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (സി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |
| (ഡി) | സ്ത്രീയെ അസഭ്യം പറഞ്ഞുവെന്ന പരാതിയിലും മൊഴിയിലും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രീമതി രത്നമ്മ, സുഭദ്രാ സദനം, കട്ടേല, ശ്രീകാര്യം എന്നയാൾ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേൽ ശ്രീകാര്യം എസ്.ഐ. അന്വേഷണം നടത്തിയതിൽ ടി പരാതിയിൽ പറയുന്ന കാര്യങ്ങൾ കളവാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പരാതിയിൽ അന്വേഷണം നടത്തിയിട്ടുള്ളതിനാൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായ സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഇ) | ഈ വിഷയം സിവിൽ കേസെന്ന് പോലീസ് വിധിയെഴുതിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാന വിഷയമോ, ക്രിമിനൽ പ്രവർത്തനമോ ഉണ്ടാകാത്തതിനാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. സിവിൽ വിഷയമാണോ എന്ന് തീർപ്പ് കൽപിക്കേണ്ടതായ വിഷയങ്ങളൊന്നും പോലീസിന്റെ മുന്നിൽ വരാത്തതിനാൽ അപ്രകാരം വിധിയെഴുതിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.